**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 ജൂൺ 30**

---

# കരിക്കുലം പരിഷ്കരണത്തിന്റെ ലക്ഷ്യം വിദ്യാർഥി കേന്ദ്രീകൃത പഠന സമ്പ്രദായയം- മന്ത്രി ഡോ. ആർ. ബിന്ദു

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കരിക്കുലം പരിഷ്കരണത്തിലൂടെ വിദ്യാർഥി കേന്ദ്രീകൃത പഠന സമ്പ്രദായമാണ് ലക്ഷ്യമിടുന്നതെന്ന് വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു. കോട്ടയം ബി.സി.എം. കോളജ് ഓഡിറ്റോറിയതിത്തിൽ കരിക്കുലം പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ മഹാത്മാ ഗാന്ധി സർവകലാശാലയിലെ അക്കാദമിക് സമൂഹത്തോട് വിശദമാക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ഇത്തരത്തിലുള്ള ആദ്യ യോഗമായിരുന്നു ഇത്.

അധ്യാപകരെ കേന്ദ്രീകരിച്ചുള്ള നിലവിലെ പഠന രീതികൾ സംവാദാത്മകമായ തലത്തിലേക്ക് മാറേണ്ടതുണ്ട്. വിദ്യാർഥികളുടെ മൗലിക കഴിവുകളും സർഗശേഷിയും സ്വതന്ത്രമായി വികസിക്കാനുതകുന്ന സ്വയം പഠനം യാഥാർത്ഥ്യമാകുന്ന രീതിയിൽ കോഴ്സുകൾ ചിട്ടപ്പെടുത്തണം.

കൃഷി, വ്യവസായം, ആരോഗ്യം, പരിസ്ഥിതി തുടങ്ങിയ ജനജീവിതവുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്ന മേഖലകളിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും പരിഹാരം കാണാനും കെൽപ്പുള്ളവരായി വിദ്യാർഥികൾ വളരണം. അധ്യാപകരാകട്ടെ വിദ്യാർഥികൾക്ക് പ്രചോദനം നൽകുന്നവരായി മാറുകയും വേണം.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിലാദ്യമായി തയ്യാറാക്കിയ കരിക്കുലം ഫ്രെയിം വർക്ക് ഏറെ പ്രത്യേകതകളുള്ളതാണ്. അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കാനും പഠന പ്രക്രിയയെ പരമാവധി സർഗാത്മകമാക്കാനുമുള്ള അവസരമാണ് വിദ്യാർഥികൾക്ക് ഇതിലൂടെ ലഭിക്കുന്നത്.

ബിരുദ, ബിരുദാനന്തര തലങ്ങളിലെ സമൂല മാറ്റമാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്. തൊഴിൽ, വിദ്യാഭ്യാസ മേഖലകൾക്കിടയിലുള്ള നൈപുണ്യ വിടവ് പരിഹരിക്കുന്നതിനുകൂടി ലക്ഷ്യമിട്ടാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്.

നാലു വർഷ ബിരുദ കോഴ്സിൽ ചേരുന്ന വിദ്യാർഥികൾക്ക് മൂന്നു വർഷം വിജയ കരമായി പൂർത്തിയാക്കിയ ശേഷം തൊഴിൽ മേഖലയിലേക്ക് പോകാനാകും.

ഗവേഷണത്തിൽ താത്പര്യമുള്ളവർക്ക് നാലാം വർഷം തുടരാം. നാലു വർഷവും പഠിക്കുന്നവർക്ക് ഗവേഷണത്തിനും ഇന്റേൺഷിപ്പിനുമൊക്കെ പിന്തുണ ലഭിക്കും.

വിദേശത്തും രാജ്യത്തും ഏറെ സർവകലാശാലകൾ നാലു വർ ബിരുദ കോഴ്സുകൾ നടത്തുന്ന സാഹചര്യത്തിൽ നമ്മുടെ സർവകലാശാലകൾ മൂന്നു വർഷ കോഴ്സുകൾ മാത്രം തുടരുന്നത് വിദ്യാർഥികൾക്ക് പല രീതിയിലും ബുദ്ധി മുട്ട് സൃഷ്ടിക്കും.

കേരളത്തിന്റെ കരിക്കുലം ഫ്രെയിം വർക്ക് ദേശീയ വിദ്യാഭ്യാസ നയരേഖ യുടെ പകർപ്പല്ല. ദേശീയ വിദ്യാഭ്യാസ നയരേഖ ഒന്ന്, രണ്ട് വർഷങ്ങൾ കഴിയു മ്പോൾ വിദ്യാർഥികൾക്ക് കോഴ്സ് നിർത്താനുള്ള അവസരം നൽകുന്നുണ്ട്. ഈ ചുരുങ്ങിയ കാലം കൊണ്ട്പഠനത്തിൽനിന്ന് ആർജ്ജിക്കാൻ സാധിക്കുന്നത് എന്ത് എന്ന ചോദ്യമുണ്ട്. കേരളത്തിന്റെ സാമൂഹിക കാഴ്ച്ചപ്പാടിനും ശാസ്ത്രീയ സമീപ നത്തിനുമൊക്കെ പ്രാധാന്യം നൽകിയാണ് നമ്മുടെ കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കിയിരിക്കുന്നത്.

ഈ വർഷം തന്നെ പുതിയ സമ്പ്രദായത്തിൽ ചില കോഴ്സുകൾ ആരംഭി ക്കാമെന്ന് സർവകലാശാലകൾ അറിയിച്ചിട്ടുണ്ടെങ്കിലും അടുത്ത വർഷമായി രിക്കും പൂർണതോതിയിൽ നടപ്പാക്കുക. അക്കാദമിക് സമൂഹത്തിനും പൊതു സമൂഹത്തിനും മാറ്റത്തെക്കുറിച്ച് വ്യക്തമായ ധാരണ നൽകിയ ശേഷമേ കോഴ്സുകൾ ആരംഭിക്കു-മന്ത്രി വിശദമാക്കി

അടുത്ത വർഷം ജൂൺ മാസത്തിനു മുൻപ് ഇതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തീകരിക്കണം. ആദ്യത്തെ രണ്ടു സെമസ്റ്ററുകളുടെ സിലബസ് ഈ വർഷം ഡിസംബറോടെ തയ്യാറാക്കണം. പുതിയ കരിക്കുലത്തിന്റെ ആശയം താഴേ തട്ടിൽ എത്തിക്കുന്നതിനായി മാസ്റ്റർ ട്രെയിനേഴ്സിനെ നയമിക്കുമെന്നും മന്ത്രി അറി യിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ക്രിയാത്മകമായ മാറ്റം വിജയിപ്പിക്കേണ്ടത് അക്കാദമിക് സമൂഹത്തിലെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാമെന്ന് ചട ങ്ങിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറ ഞ്ഞു.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.ജോബ് മൈക്കിൾ എംഎൽഎ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, കെ.എം.സുധാകരൻ, ഡോ. എ. ജോസ്, ഡോ. ബിജു പുഷ്പൻ, രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ബി.സി.എം കോളജ് പ്രിൻസിപ്പൽ ഡോ. സ്റ്റെഫി തോമസ്, സിൻഡിക്കേറ്റിലെ മറ്റംഗങ്ങൾ, സെനറ്റ്, അക്കാദമിക് കൗൺസിൽ, പഠന ബോർഡ് അംഗങ്ങൾ, അഫിലിയേറ്റഡ് കോളജുകളുടെ പ്രിൻസിപ്പൽമാർ തുടങ്ങിയവർ നേരിട്ടും അഫിലിയേറ്റഡ് കോളജുകളിലെ

അധ്യാപകർ ഓൺലൈനിലും പങ്കെടുത്തു. കരിക്കുലം പരിഷ്കണത്തെക്കുറിച്ച് ഡോ. വി. ഷഫീഖ് ക്ലാസെടുത്തു.

***ഫോട്ടോ ക്യാപ്ഷൻ...***

കോട്ടയം ബി.സി.എം കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ കരിക്കുലം പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ മന്ത്രി ഡോ. ആർ.ബിന്ദു മഹാത്മാ ഗാന്ധി സർവകലാശാലയിലെ അക്കാദമിക് സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു. ഡോ. സി.എം. ശ്രീജിത്ത്, പി. ഹരികൃഷ്ണൻ, അഡ്വ. റെജി സക്കറിയ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ജോബ് മൈക്കിൾ എം.എൽ.എ, ഡോ. കെ.എം. സുധാകരൻ, ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ, ഡോ. സ്റ്റെഫി തോമസ് എന്നിവർ സമീപം.

(പി.ആർ.ഒ/39/727/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**